**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 562** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഇൻസെന്റീവ് തുക കുടിശ്ശിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. പി. അഷ്റഫലി

ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

**(എ)** സാമൂഹ്യ സുരക്ഷാ പെൻഷൻ തുക സഹകരണ ബാങ്ക് വഴി വീട്ടുകളിൽ എത്തിച്ച് വിതരണം ചെയ്യുന്ന ജീവനക്കാർക്കുള്ള ഇൻസെന്റീവ് തുക കഴിഞ്ഞ നാല് മാസമായി കുടിശ്ശികയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** 11-03-2026 ലെ സ.ഉ.(സാധാ) നം.2600/2026/ധന നമ്പർ ഉത്തരവ് പ്രകാരം 2025 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ വിതരണം ചെയ്ത സാമൂഹ്യ സുരക്ഷ പെൻഷൻ നേരിട്ട് വീടുകളിൽ എത്തിച്ചതുമായി ബന്ധപ്പെട്ട ഇൻസെന്റീവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിലവിൽ 2025 ഡിസംബർ മാസം മുതൽ വിതരണം ചെയ്ത പെൻഷൻ തുകയുടെ ഇൻസെന്റീവ് ആണ് കുടിശ്ശികയായുള്ളത്. ആയത് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

**(ബി)** ഉണ്ടെങ്കിൽ പ്രസ്തുത കുടിശ്ശിക തുക വിതരണം ചെയ്യുന്നതിനായുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**